## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 5973** **07/07/2014-ലെ മറുപടിയ്ക്ക്**

## ഹോർട്ടിമിഷന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) ഹോർട്ടിമിഷന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) ഉണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടു കൂടി പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷിത കൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 90910 ചതുരശ്ര മീറ്ററിലെ സംരക്ഷിതകൃഷിക്കായി 425 ലക്ഷം രൂപയും, 500 ഹെക്ടർ സ്ഥലത്ത് വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷിക്കായി 200 ലക്ഷം രൂപയും 40 കമ്മ്യൂണിറ്റി/പോട്ട്ട്രേ നഴ്സറികൾ സ്ഥാപിക്കുന്നതിന് 160 ലക്ഷം രൂപയും, 750 ഹെക്ടർ സ്ഥലത്ത് ടിഷ്യൂക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷിയ്ക്ക് 312 ലക്ഷം രൂപയും, 250 കൂൺ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 28.125 ലക്ഷം രൂപയും, 606.6 ലക്ഷം രൂപയുടെ ഇടുക്കി ജില്ലയിലെ ശീതോഷ്ണകാലഫലവർഗ്ഗകൃഷി എന്ന പദ്ധതിയും, 11.64 കോടി രൂപയുടെ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി, 10.70 കോടി രൂപയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കി. 2012-13 സാമ്പത്തിക വർഷത്തിൽ 1.575 കോടി രൂപയുടെ ഭാരത് സേവക് സമാജിന്റെ വനിതാ പങ്കാളിത്ത കൂട്ടായ്മയിൽ കൂൺ ഉത്പാദനം എന്നീ പദ്ധതിയും, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന 7.03875 കോടി രൂപയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ്, 4.96125 കോടി രൂപയുടെ |

പച്ചക്കറി വികസനം, 13.125 കോടി രൂപയുടെ വാഴയുടെ വിള വിസ്തൃതി വ്യാപനം, സംഗമൈത്രിയ്ക്ക് ഗ്രാമീണ വിപണിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 0.252 കോടി രൂപയുടെ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ 2013–14 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതിയ്ക്കും 7.5938 കോടി രൂപയുടെ സുസ്ഥിര ശീതകാല പച്ചക്കറി കൃഷി പദ്ധതിയ്ക്കും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ബി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) ശീതകാല പച്ചക്കറി കൃഷി എന്ന പദ്ധതിയ്ക്ക് എ.ജി. ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |
| സി) ആഡിറ്റിംഗിൽ പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള ക്രമവിരുദ്ധമായ നടപടികൾ പരാമർശിച്ചിട്ടുണ്ടോ; | സി) ക്രമക്കേടുകൾ ഒന്നും പരാമർശിച്ചിട്ടില്ല. |
| ഡി) എങ്കിൽ പദ്ധതിയുടെ ഏതൊക്കെ നടത്തിപ്പിലാണ് ക്രമക്കേടുകൾ നടന്നതായി പരാമർശിക്കപ്പെട്ടിട്ടുള്ള തെന്ന് വിശദമാക്കാമോ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ